# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4- പ്രകാരം കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി സമഗ്ര നെൽകൃഷി വികസനം പദ്ധതിയിൽ ചെലവഴിച്ച 75,000/- രൂപയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ.(സാധാ) നം.2172/16/തസ്വഭവ. തിരുവനന്തപുരം, തീയതി:19/07/2016

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 10/09/2015 ലെ എം3-29334/2015 നമ്പർ കത്ത്.
2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 17/03/2016 തീയതിയിലെ നം. കെ.എസ്.എ 13297/പി.റ്റി2/2015 നമ്പർ കത്ത്.

## ഉത്തരവ്

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഉൽപ്പാദന മേഖലയിൽ സമഗ്ര നെൽകൃഷി വികസനം പദ്ധതിയിൽ മുഴുവൻ തുകയും വളം വിതരണത്തിന് മാത്രമായി ചെലവഴിച്ചത് സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായതിനാൽ 75,000/-രൂപ ആഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ, ഭരണസമിതി തീരുമാനം, ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ്, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി തീരുമാനം, എന്നിവ സഹിതം പരാമർശം ഒന്ന് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ശുപാർശ ചെയ്തിട്ടുണ്ട്.

ടി വിഷയത്തിൽ കേരകർഷകർക്ക് പ്രോത്സാഹനം നൽകുന്നതിനു വേണ്ടിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയതെന്ന പഞ്ചായത്ത് ഭരണ സമിതിയുടെ 25/11/2014-ലെ 8(2) നമ്പർ തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 21/04/2015-ലെ 33-ാം നമ്പർ തീരുമാനം, പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവിന് വിരുദ്ധമായ പ്രസ്തുത ചെലവ് തുകയ്ക്ക് സാധൂകരണം നൽകുന്ന വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനമെടുക്കാവുന്നതാണെന്ന് പരാമർശം രണ്ട് പ്രകാരംലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥനത്തിൽ പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4

പ്രകാരം കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഉൽപ്പാദന മേഖലയിൽ സമഗ്ര നെൽക്കൃഷി വികസനം പദ്ധതിയിൽ ചെലവഴിച്ച 75,000/-(എഴുപത്തി അയ്യായിരം രൂപ മാത്രം) രൂപയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഷിബു. എ.ടി,

അണ്ടർ സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
സെക്രട്ടറി, മണ്ണാർക്കാട് ഗ്രാമപഞ്ചായത്ത്,പാലക്കാട്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ